പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 555

08.08.2017 - ൽ മറുപടിക്ക്.

## കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ,
ശ്രീ. മോൻസ് ജോസഫ്,
ശ്രീ. സി. എഫ്. തോമസ്.

മറുപടി

ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി).

(എ) കേരളത്തിൽ സമൃദ്ധമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളായ തേങ്ങ, ഏത്തയ്ക്ക, കൈതചക്ക, മാമ്പഴം, പപ്പയ തുടങ്ങിയവയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം സംരംഭകർക്ക് ജില്ലാതലത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(എ) : സംസ്ഥാനത്ത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFABC) മുഖേന ജില്ലാതലത്തിൽ പരിശീലനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാതലത്തിൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുവാൻ വ്യവസായ വകുപ്പും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇത്തരം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രത്യേക പ്രോത്സാഹന പദ്ധതികൾ നിലവിലുണ്ടോ ;

(ബി) : ഉണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത മേഖലയിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) : കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 ഡിസംബർ 1 മുതൽ 5 വരെ തിരുവനന്തപുരത്ത് *"വൈഗ 2016"* എന്ന പേരിൽ ഒരു അന്താരാഷ്ട്ര ശില്പശാല സംഘടിപ്പിച്ചു. കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട ഏജൻസികൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, അന്താരാഷ്ട്രതലത്തിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന വിദഗ്ദർ തുടങ്ങിയവർ ഈ ശില്പശാലയിൽ പങ്കെടുത്തു. ശില്പശാലയിൽ രൂപംകൊണ്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ്

കൺസോർഷ്യം (SFABC) 2017-18 സാമ്പത്തിക വർഷത്തിലേക്കായി സമർപ്പിച്ച 1575 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണത്തിലേക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ്. ഇവർ ക്കായി പദ്ധതി ചെലവിന്റെ 50% (പരമാവധി 50 ലക്ഷം രൂപ വരെ) വായ്പാബന്ധിത ധനസഹായമായി നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

വ്യവസായ വകുപ്പ് എറണാകുളത്ത് വച്ച് 2016-17 വർഷത്തിൽ "*അഗ്രോഫുഡ് പ്രൊ*" എന്ന പേരിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ വ്യവസായ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു എക്സിബിഷൻ നടത്തി. വിവിധ ജില്ലകളിൽ ഈ മേഖലയെ ആധാരമാക്കി സംരംഭകത്വ വികസന പദ്ധതികളും ടെക്നോളജി ക്ലിനിക്കുകളും നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ.